ഡയറക്ടർ, സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം കാസറഗോഡ് വിദ്യാഭ്യാസ ഉപ ഡയറക്ടർക്കയച്ച കത്ത് നമ്പർ ഇ4-4335/09/കെ.എസ്.എൽ.എം.എ. തീയതി 07.11.2009 -ന്റെ പകർപ്പ്

വിഷയം:- കെ.എസ്.എൽ.എം.എ. - പത്താം തരം തുല്യത 'എ' ലെവൽ കോഴ്സ് - പഠന സൗകര്യങ്ങൾ നലകുന്നത് സംബന്ധിച്ച്.
സൂചന :- പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 26.10.2006-ലെ എം 4-62679/06/ഡി.പി.ഐ. നമ്പർ കത്ത്.

------

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തിവരുന്ന പത്താം തരം `എ` ലെവൽ കോഴ്സിൽ ചേരുന്ന പഠിതാക്കളുടെ സമ്പർക്ക പഠന ക്ലാസ്സുകൾ പ്രാദേശത്തെ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളും ലബോറട്ടറി, കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങളും ഉപയോഗപ്പെടുത്തി അവധി ദിവസങ്ങളിൽ നടത്തുന്നതിനുള്ള സൂചന കത്ത് പ്രകാരം നല്കിയിട്ടുണ്ട്.

സംസ്ഥാന സാക്ഷരതാ മിഷൻ 2006-ൽ ആരംഭിച്ച പ്രസ്തുത കോഴ്സിന്റെ നാലാമത് ബാച്ചിന്റെ (2009-2010) സമ്പർക്ക പഠന ക്ലാസ്സ് ആരംഭിച്ചു കഴിഞ്ഞു. ഈ കോഴ്സിന്റെ പ്രാധാന്യം മനസ്സിലാക്കി ഈ ബാച്ചിൽ മുപ്പതിനായിരത്തിലധികം പഠിതാക്കൾ രജിട്ടച ചെയ്തിട്ടുണ്ട്. കേരളത്തിലെമ്പാടുമായി 333 സ്കൂളുകളിൽ ക്ലാസ്സുകൾ നടന്നുവരുന്നു. പ്രസ്തുത പഠിതാക്കൾക്ക് അവരവരുടെ പ്രദേശത്തുള്ള സർക്കാർ/എയിഡഡ് സ്കൂളുകളിലെ ലബോറട്ടറി/കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് താല്പര്യപ്പെടുന്നു. ഈ ബാച്ചിലെ പഠിതാക്കൾക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ള പഠനകേന്ദ്രവും അവിടെയുള്ള പഠിതാക്കളും വിശദാംശങ്ങളും ഉടനെ അറിയിക്കുന്നതാണ്. സൂചന കത്തിന്റെ ഒരു പകർപ്പുകൂടി ഉൾകൊള്ളിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ഡോ. എൻ. ജയദേവൻ
ഡയറക്ടർ

Office of the
Deputy Director, Education,
Kasaragod, Dated: 1/12/2009

**Endt. on L.Dis D2/19857/09LDis**

Copy communicated to the Headmaster of all Government &Aided High Schools for necessary action along with the copy of the permission letter of Director of Public Instruction, Thiruvananthapuram

Sd/-
Deputy Director, Education,
Kasaragod.